**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4434 — 25/06/2019-ൽ മറുപടിയ്ക്ക്

# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏറനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായുള്ള പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) ഏറനാട് നിയോജക മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് താഴെ പറയുന്ന സ്കൂളുകൾക്ക് 10000/- രൂപ (പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>1. ജി.യു.പി.എസ് പത്തപ്പിരിയം<br>2. ജി.എൽ.പി.എസ് വെട്ടിക്കാട്ടിരി<br>3. ജി.എച്ച്.എസ്.എസ് അരീക്കോട്<br>4. ജി.എച്ച്.എസ് വെറ്റിലപ്പാറ<br>5. ജി.എം.യു.പി.എസ് അരീക്കോട്<br>6. ജി.യു.പി.എസ് ചെങ്ങര<br>7. ജി.എം.യു.പി.എസ് മുണ്ടമ്പ്ര<br>8. ജി.എം.യു.പി.എസ് ഓടക്കയം<br>9. ജി.എം.യു.പി.എസ് മൈത്ര<br>10. ജി.എൽ.പി.എസ് ചെങ്ങര<br>11. ജി.എൽ.പി.എസ് ചെമ്പ്രക്കാട്ടൂർ<br>12. ജി.എൽ.പി.എസ് തേൻഞ്ചീരി<br>13. എസ്.എൻ.എം.എൽ.പി.എസ് ഉഗ്രപ്പുരം<br>14. എ.എൽ.പി.എസ് ഊർങ്ങാട്ടിരി |

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ലാബ് നവീകരണ പദ്ധതിയിൽ ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിലെ മൂലേപ്പാടം ജി.എൽ.പി.സ്കൂൾ, എസ്.എസ്.എ ബദൽ സ്കൂൾ, അരണിക്കാട് എന്നീ സ്കൂളുകൾ ഒഴികെ എല്ലാ സർക്കാർ എൽ.പി/യു.പി സ്കൂളുകളിലും ഐ.ടി ലാബ് അനുവദിച്ച് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പൈലറ്റ് പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് ലാബ് സാധനങ്ങൾ വിതരണം ചെയ്തിട്ടുമുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി ഏറനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ തിരഞ്ഞെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) അവയിൽ ഏതെല്ലാം സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; ഭരണാനുമതി നൽകിയവ, പ്രവൃത്തി ആരംഭിച്ചവ, ഇനിയും നടപടി ക്രമങ്ങൾ പൂർത്തിയാക്കാനുള്ളവ എന്ന ക്രമത്തിൽ വിശദാംശം നൽകുമോ?

(സി) & (ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി ഏറനാട് നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്, കുഴിമണ്ണ സ്കൂളിന് അഞ്ച് കോടി രൂപ അനുവദിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താഴെപറയുന്ന സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മൂന്നുകോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ് കീഴുപറമ്പ്
2. ജി.എച്ച്.എസ്.എസ്, അരീക്കോട്
3. ജി.എച്ച്.എസ്.എസ്, കാവനൂർ
4. ജി.എച്ച്.എസ്.എസ്, എടവണ്ണ

അതോടൊപ്പം, ടി മണ്ഡലത്തിലെ 1000 കുട്ടികളിലധികം പഠിക്കുന്ന താഴെപറയുന്ന സ്കൂളുകൾക്ക് മൂന്ന് കോടി രൂപയ്ക്ക് വീതം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്, എരഞ്ഞിമങ്ങാട്
2. ജി.എച്ച്.എസ്.എസ്,പെരകമണ്ണ
3. ജി.യു.പി.എസ്, പത്തപ്പിരിയം

500 കുട്ടികളിലധികം പഠിക്കുന്ന താഴെപറയുന്ന സ്കൂളുകൾക്ക് ഒരു കോടി

രൂപയ്ക്ക് വീതം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്, പന്നിപ്പാറ
2. ജി.യു.പി.എസ്, ചെങ്ങര
3. ജി.യു.പി.എസ്, എരഞ്ഞിപ്പാലം
4. ജി.യു.പി.എസ്, മൈത്ര
5. ജി.യു.പി.എസ്, മുണ്ടമ്പ്ര
6. ജി.എച്ച്.എസ്, വടശ്ശേരി
7. ജി.യു.പി.എസ്, മൂർക്കനാട്
8. ജി.എൽ.പി.എസ്, കിഴിശ്ശേരി
9. ജി.എം.ആർ.പി.എസ്, അരീക്കോട്
10. ജി.എച്ച്.എസ്, വെറ്റിലപ്പാറ

പ്രസ്തുത സ്കൂളുകളുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു.

Reena

സെക്ഷൻ ഓഫീസർ